## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4144** — **21.07.2015-ൽ മറുപടിക്ക്**

**നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. മുരളീധരൻ**<br>**" തേറമ്പിൽ രാമകൃഷ്ണൻ**<br>**" ആർ. സെൽവരാജ്**<br>**" എം.എ. വാഹീദ്.** | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) **നഗരങ്ങളെ മാലിന്യവിമുക്തമാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മപദ്ധതികൾ വിശദമാക്കാമോ;** | (എ) നഗരങ്ങളെ മാലിന്യമുക്തമാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ ചുവടെ പറയും പ്രകാരമാണ്:<br>1) ഉറവിട മാലിന്യ സംസ്കരണം<br>2) പൊതു മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ളാന്റുകളുടെ ആധുനികവൽക്കരണവും<br>3) ആധുനിക അറവുശാല നിർമ്മാണം<br>4) വിവര വിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീ വികസനവും<br>5) നഗരസഭകളിലെ ദ്രവ മാലിന്യ സംസ്കരണം<br>6) പ്രീമൺസൂൺ ക്ളീനിംഗ് ആക്റ്റിവിറ്റി<br>7) പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ളക്സുകൾ<br>8) പ്രകൃതി സൗഹൃദ വസ്തു നിർമ്മാണ യൂണിറ്റുകൾക്ക് പ്രോൽസാഹനം |

9) എക്സ്റ്റൻഡ്ഡ് പ്രോഡ്യൂസർ ഉത്തരവാദിത്വ പ്രോൽസാഹനം

(ബി) **നഗരങ്ങളെ മാലിന്യ വിമുക്തമാക്കുന്നതിനായി രൂപീകരിച്ച കമ്പനി തയ്യാറാക്കിയിട്ടുളള പദ്ധതികൾ വിശദമാക്കാമോ;**

(ബി) താഴെപ്പറയുന്ന പദ്ധതികളാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് വഴി നടപ്പാക്കാനുദ്ദേശി ക്കുന്നത്.

1. എല്ലാ കോർപ്പറേഷനിലും, മുനിസിപ്പാലിറ്റികളിലും പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ.
2. കൊച്ചി കോർപ്പറേഷനിൽ ബ്രഹ്മപുരത്ത് പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ്.
3. പി.ഡബ്ല്യു.ഡി. യുമായി സഹകരിച്ച് പ്ലാസ്റ്റിക് ചിപ്പുകൾ ഉപയോഗപ്പെടുത്തി റോഡുകളുടെ ടാറിംഗ്
4. ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ സാക്ഷ്യപത്രമുളള റീ-സൈക്ലിംഗ് ഏജൻസികളിലൂടെ നിർമ്മാർജ്ജനം ചെയ്യുക.
5. മാലിന്യ സംസ്കരണത്തിന് നൂതന സാങ്കേതിക വിദ്യയായ പ്ലാസ്മാ ഗ്യാസിഫിക്കേഷൻ ഉപയോഗിച്ചുളള പ്ലാന്റ് കൊച്ചിയിൽ സ്ഥാപിക്കുന്ന പദ്ധതി.
6. പ്രതിദിനം 50 ടൺ വരെ മാലിന്യങ്ങൾ ഉണ്ടാകുന്ന നഗരങ്ങളിൽ സി. എൻ.ജി (കംപ്രസ്ഡ് നാച്ചുറൽ ഗ്യാസ്) ബോട്ട്ലിംഗ് പ്ലാന്റുകൾ സ്ഥാപിച്ച് ബയോഗ്യാസ് സിലിണ്ടറുകളിൽ ശേഖരിച്ച് ഗാർഹിക വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്ന പദ്ധതി.

7. എല്ലാ ജില്ലകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക.

(സി) **പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കാമോ?**

(സി) പ്രസ്തുത പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ സർക്കാർ വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ